പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും തുടർന്ന് നികുതി വകുപ്പ് സെക്രട്ടറി തൊഴിലാളി യൂണിയൻ പ്രതിനിധികളുമായും ഉദ്യോഗസ്ഥ അനുദ്യോഗസ്ഥരുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ടോഡി നീര ബോർഡ് രൂപീകരിക്കുന്നതിന് ശിപാർശ സമർപ്പിച്ചെങ്കിലും തെങ്ങ് കൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയമെന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതരഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച് കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര നീര ബോർഡ് സർക്കാർ രൂപീകരിക്കുകയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-5-2015-ന് കൂടിയ ഉന്നതതല യോഗത്തിൽ ടി ബോർഡിനെ നിലവിലുള്ള ഉദ്ദേശ ലക്ഷ്യത്തോടുകൂടി പുനഃസംഘടിപ്പിച്ച് നീര ബോർഡ് എന്ന് നാമകരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-5-2015-ന് കൂടിയ ഉന്നതതലയോഗത്തിൽ നീര ബോർഡ് രൂപീകരിച്ച് ആയത് കൃഷി വകുപ്പിന്റെ കീഴിൽ നിലനിർത്താൻ തത്വത്തിൽ തീരുമാനിച്ചുവെങ്കിലും പ്രസ്തുത ബോർഡിന്റെ സാദ്ധ്യത, ഘടന എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

മദ്യവിമുക്ത കേരളം പദ്ധതി

99 (103) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മദ്യവിമുക്ത കേരളം പദ്ധതി നടപ്പാക്കി തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) മദ്യാസക്തിക്കെതിരെ സ്കൂൾ, കോളേജ് കാമ്പസുകളിൽ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ നയപരിപാടി സംബന്ധിച്ച വിവരങ്ങൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പരിപാടിക്ക് സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ എന്നിവയുടെ പങ്കാളിത്തവും സഹകരണവും പ്രയോജനപ്പെടുത്തുമോ ?

ഉത്തരം

(എ) മദ്യവിമുക്ത കേരളം പദ്ധതി നടപ്പാക്കിതുടങ്ങിയിട്ടുണ്ട്. മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ച ആശയങ്ങൾ സമൂഹത്തിന്റെ നാനാതുറകളിലും എത്തിക്കുകയും മദ്യത്തിന്റെ ലഭ്യത കുറച്ച് ഘട്ടംഘട്ടമായി 'മദ്യവിമുക്ത കേരളം' എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാർത്ഥികളിലും യുവജനങ്ങളിലുമുള്ള മദ്യാസക്തിയെ വളരെ ഗൗരവപൂർവ്വമാണ് സർക്കാർ കാണുന്നത്. മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദുഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളേയും യുവാക്കളേയും പൊതുജനങ്ങളേയും ബോധവാൻമാരാക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1467 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ്തലത്തിൽ 194 ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. എല്ലാ സ്കൂളുകളിലും കോളേജുകളിലും ഇത്തരത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സ്കൂൾതലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുമായും കോളേജ്തലത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 7, 8 ക്ലാസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷത്തിൽ 9, 10 ക്ലാസ്സുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഹയർ സെക്കന്ററി ഒന്നാം വർഷ ഹോം സയൻസിലും ലഹരിവിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ മദ്യ-മയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി എഫ്.എം. റേഡിയോ, സി.സി.ടി.വി., ടി.വി. ചാനലുകൾ, മാസികകൾ എന്നിവവഴിയുള്ള ലഹരിവിരുദ്ധ ബോധവൽക്കരണ പരസ്യം, പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, ഡോക്യുമെന്ററി, ബോധവൽക്കരണ ക്ലാസ്, കൂട്ടഓട്ടം, സെമിനാർ, ലഘുലേഖ വിതരണം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, മാജിക് ഷോ തുടങ്ങിയ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പ്രമുഖ റെയിൽവേസ്റ്റേഷനുകളിലും ബസ്സ്റ്റാന്റുകളിലും ബോധവൽക്കരണ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരസ്യങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ കെ.എസ്. ആർ.ടി.സി. ബസ്സിന്റെ സൈഡ് പാനലുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പോസ്റ്റർ പതിച്ച് പ്രചരിപ്പിക്കുന്നുണ്ട്.

(സി) ഇത്തരം പ്രവർത്തനങ്ങളിൽ നിലവിൽ സന്നദ്ധ സംഘടനകളുടേയും സർക്കാർ മാധ്യമങ്ങളുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുന്നുണ്ട്.

ലഹരി വിമുക്ത കേരളം-ഐശ്വര്യ കേരളം പദ്ധതി

100 (104) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "ലഹരി വിമുക്ത കേരളം-ഐശ്വര്യ കേരളം പദ്ധതി" പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly